**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 558** | **11-07-2024 - ൽ മറുപടിയ്ക്ക്**

**മലയോര ആദിവാസി മേഖലകളിലുള്ളവർക്ക് പട്ടയം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. കെ. എം. അഷ്‌റഫ്,<br>ശ്രീ. നജീബ് കാന്തപുരം,<br>ശ്രീ. കുറുക്കോളി മൊയ്തീൻ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | മലയോര ആദിവാസി മേഖലകളിൽ ദീർഘനാളായി കൈവശം വച്ച് കൃഷി ചെയ്തുവരുന്ന ഭൂമിക്ക് പട്ടയം ലഭിച്ചിട്ടില്ലായെന്നത് പരിശോധിച്ചിട്ടുണ്ടോ; | (എ) | മലയോര മേഖലയിലുള്ളവർ, പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ടവർ, എന്നിവർക്ക് പട്ടയത്തിനു അർഹത പരിശോധിച്ച് അടിയന്തിര പ്രാധാന്യത്തോടെ പട്ടയം നൽകുന്നതിന്റെ ആവശ്യകത കണക്കിലെടുത്താണ് ഈ സർക്കാരിന്റെ പ്രധാന പദ്ധതികളിൽ ഒന്നായ പട്ടയ മിഷൻ രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചു വരുന്നത്. പട്ടയ വിതരണം ഊർജ്ജിതമാക്കുന്നതിനും, സമയബന്ധിതമായി നടത്തുന്നതിനും വേണ്ടിയുള്ള പ്രവർത്തനം ഏകോപിപ്പിക്കാനും, നിരീക്ഷിക്കാനും, ആവശ്യമായ നിർദ്ദേശങ്ങൾ തത്സമയം നല്കാനുമാണ് പട്ടയ മിഷൻ ലക്ഷ്യം വയ്ക്കുന്നത്.<br>1960 ലെ കേരള ഭൂ പതിവ് നിയമത്തിനെ അധികരിച്ച് രൂപപ്പെടുത്തിയ 1993 ലെ കേരള ഭൂമി പതിച്ചു നൽകൽ (01-01-1977 നു മുമ്പ് വന ഭൂമിയിൽ നടത്തിയിട്ടുള്ള കുടിയേറ്റങ്ങൾ ക്രമപ്പെടുത്തൽ) പ്രത്യേക ചട്ടങ്ങൾ, 2001 ലെ കേരള ഗവൺമെന്റ് ഭൂമി പട്ടിക വർഗ്ഗങ്ങൾക്ക് പതിച്ചു നൽകൽ ചട്ടങ്ങൾ എന്നിവ പ്രകാരവും 1971 ലെ കേരള സ്വകാര്യ വനം നിക്ഷിപ്തമാക്കലും പതിച്ച് നൽകലും നിയമവും അതിന്റെ ചട്ടങ്ങളും പ്രകാരമാണ് മലയോര പട്ടിക വർഗ മേഖലയിലെ പട്ടയങ്ങൾ അധികവും നൽകേണ്ടത്. ഇത് കൂടാതെ കേന്ദ്ര നിയമമായ വനാവകാശ നിയമപ്രകാരം പട്ടിക വർഗക്കാർക്ക് വനാവകാശ രേഖയും നൽകേണ്ടതായിട്ടുണ്ട്.<br>മലയോര പട്ടയങ്ങൾ വിതരണ സംബന്ധിച്ച് നിലവിലുള്ള സ്ഥിതി വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br><br>1. കേന്ദ്രസർക്കാർ അനുമതി ലഭിക്കുകയും തുടർന്ന് പട്ടയം നല്കുന്ന ഘട്ടത്തിലിരിക്കുന്നത്:- 5 പ്രദേശങ്ങളിലായി 2630 ഗുണഭോക്താക്കൾ |

2. കേന്ദ്രസർക്കാർ അനുമതിക്കായി സമർപ്പിച്ചത്- 3 പ്രദേശങ്ങളിലായി 6422 ഗുണഭോക്താക്കൾ

3. JVR പൂർത്തിയാക്കിയെങ്കിലും പരിവേഷ് പോർട്ടലിൽ സമർപ്പിച്ചിട്ടില്ലാത്തത് - 12 പ്രദേശങ്ങളിലായി 13104 ഗുണഭോക്താക്കൾ

4. JVR ആരംഭിച്ചിട്ടില്ലാത്തത് - 3പ്രദേശങ്ങളിലായി 11617 ഗുണഭോക്താക്കൾ

5. വിവിധ നിയമങ്ങൾ /ചട്ടങ്ങൾ ബാധകമാക്കുന്നതു സംബന്ധിച്ച് വ്യക്തത സർക്കാർ തലത്തിൽ ആവശ്യമുള്ളവ: 11 പ്രദേശങ്ങളിലായി 1554 ഗുണഭോക്താക്കൾ

6. മറ്റുള്ളവ - 22പ്രദേശങ്ങളിലായി 22591 ഗുണഭോക്താക്കൾ

ഇത് വരെ അപേക്ഷ സമർപ്പിച്ചതും വിവിധ കാരണങ്ങളാൽ അപേക്ഷ സമർപ്പിക്കാൻ കഴിയാത്തതുമായ, അതെ സമയം ഭൂമിക്കു അർഹതയുള്ള മറ്റു അപേക്ഷകൾ കൂടി ഈ സമയം കൊടുത്തു തീർക്കുന്നതിന് വേണ്ടിയുള്ള ശ്രമങ്ങൾ കൂടി പട്ടയ മിഷനിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. അതിന്റെ ഭാഗമായി 01-01-1977നു മുൻപായി വനഭൂമിയിൽ കുടിയേറി താമസിച്ചു വരുന്ന മുഴുവൻ പേർക്കും അവരുടെ യോഗ്യതയ്ക്കനുസൃതമായി പട്ടയം നൽകാനുള്ള നടപടിയുടെ ഭാഗമായി നാളിതുവരെ പട്ടയം ലഭിക്കാത്തവരുടെ ഒരു സമഗ്ര വിവര ശേഖരണം മാർച്ച് 1 മുതൽ 15 വരെ നിശ്ചയിച്ചിരുന്നതും ആയതു മാർച്ച് 31 വരെ പിന്നീട് കാലാവധി നീട്ടി നല്കിയതുമാണ്.

JV(സംയുക്ത പരിശോധന) നടന്നയിടങ്ങളിൽ JV ലിസ്റ്റിൽ ഉൾപ്പെടാതെ പോയവർ, JV നടക്കാത്ത സ്ഥലങ്ങളിലെ താമസക്കാർ നാളിതുവരെ പല കാരണങ്ങളാൽ പട്ടയത്തിന് അപേക്ഷിക്കാത്തവർ എന്നിവരുടെ സമഗ്രമായ വിവര ശേഖരണമാണ് നടത്തിയത്. പ്രസ്തുത വിവരശേഖരണത്തിൽ വിവിധ വില്ലേജ് ഓഫീസുകൾ മുഖേന മാർച്ച് 31 വരെ 37311 പേരുടെ വിവരങ്ങൾ ലഭിച്ചിട്ടുണ്ട്. പ്രസ്തുത വിവരം **അനുബന്ധമായി** ചേർക്കുന്നു.

പ്രസ്തുത വിവരശേഖരണത്തിൽ ധാരാളം പേർക്ക് തങ്ങളുടെ ഭൂമി സംബന്ധിച്ച വിവരം നല്കാൻ സാധിച്ചില്ലായെന്നും അതിനാൽ വിവരശേഖരണത്തിലുള്ള കാലാവധി ദീർഘിപ്പിക്കണമെന്നും വിവിധ തലങ്ങളിൽ നിന്നും ആവശ്യം ഉയർന്നതിന്റെ അടിസ്ഥാനത്തിൽ ആയതു

| | | | |
|---|---|---|---|
| | | | **ജൂലൈ 10 മുതൽ 31 വരെ** ദീർഘിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്. പ്രസ്തുത വിവരശേഖരണ ഫാറത്തിലെ ഡാറ്റ വിശദമായി പരിശോധിച്ച് 1993 ലെ കേരള ഭൂമി പതിച്ച നൽകൽ ( 01-01-1977 ന മുമ്പ് വന ഭൂമിയിൽ നടത്തിയിട്ടുള്ള കുടിയേറ്റങ്ങൾ ക്രമപ്പെടുത്തൽ) പ്രത്യേക ചട്ടങ്ങൾ പ്രകാരമുള്ള പട്ടയം നൽകുന്നതിന് അർഹതയുണ്ടോ എന്ന് വിലയിരുത്തി തുടർ നടപടികൾ കൈക്കൊള്ളാവുന്നതാണ്. JV നടത്തിയ പ്രദേശമല്ലെങ്കിൽ ആയതു നടത്തേണ്ട സാഹചര്യമുണ്ടോ എന്നും ഈ വിവരശേഖരണത്തിൽ നിന്നും പരിശോധിക്കുന്നതാണ്. |
| (ബി) | ഇവർക്ക് കാർഷിക വായ്പാ ഉൾപ്പെടെയുള്ളവ ലഭിക്കുന്നതിനായി പട്ടയം നൽകാൻ പ്രത്യേക പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കുമോ? | (ബി) | കാർഷിക വായ്പാ ഉൾപ്പെടെയുള്ളവ ലഭിക്കുന്നതിനായി പട്ടയം നൽകാൻ നിലവിൽ പ്രത്യേക പദ്ധതികൾ രൂപീകരിച്ചിട്ടില്ല. എന്നാൽ പട്ടയഭൂമി ഈട് വച്ച് എല്ലാതരം വായ്പകളും അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന് സർക്കാരിൽ നിന്നുള്ള 03-10-2019 തീയതിയിലെ A3-263/2017/RD നമ്പർ സർക്കുലർ പ്രകാരം ബന്ധപ്പെട്ട സ്ഥാപനങ്ങൾക്കും അറിയിപ്പ് നല്കിയിട്ടുള്ളതാണ്.<br><br>വനവകാശനിയമപ്രകാരം നൽകുന്ന ROR ( Record of Right) ന്റെ അടിസ്ഥാനത്തിൽ ഭൂമിക്കു കരം സ്വീകരിക്കാത്തതിനാൽ ധനകാര്യ സ്ഥാപനങ്ങളിൽ ഈട് വച്ചു വായ്പ എടുക്കാൻ സാധിക്കുന്നില്ല എന്ന പ്രശ്നം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ പ്രശ്നം പരിഹരിക്കുന്നതിന് 2006-ലെ പട്ടിക ഗോത്ര വർഗ്ഗങ്ങളും മറ്റ് പരമ്പരാഗത വനവാസികളും (വനാവകാശങ്ങൾ അംഗീകരിക്കൽ) നിയമം (വനാവകാശ നിയമം- 2006) പ്രകാരം അവകാശ രേഖ (ROR ) അനുവദിച്ച പട്ടികവർഗ്ഗ സങ്കേതങ്ങൾ, ഊരുകൾ എന്നിവ നിലനിൽക്കുന്ന ഭൂമി (ഫോറസ്റ്റ് വില്ലേജ്) നിയമത്തിലെ 3 (1) h വകുപ്പ് പ്രകാരം റവന്യൂ വില്ലേജുകളായി പരിവർത്തനപ്പെടുത്തുന്നത് സംബന്ധിച്ച പ്രൊപ്പോസൽ സംസ്ഥാന തല മോണിറ്ററിംഗ് കമ്മിറ്റിയുടെ പരിഗണയിലുള്ളതുമാണ്. |

സെക്ഷൻ ഓഫീസർ

Stock file

**കേരള സർക്കാർ**

നം:എ3/263/2017-റവ.

റവന്യൂ (എ) വകുപ്പ്,
തിരുവനന്തപുരം,
തീയതി: 03/10/2019.

## സർക്കുലർ

വിഷയം :- പട്ടയഭൂമി ഈട് വച്ച് എല്ലാതരം വായ്പകളും അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നത് - സംബന്ധിച്ച്.

സൂചന : 1. 17.8.2017 ലെ ജി.ഒ (പി) നം.60/2017/റവ ഉത്തരവ്
2. വൈപ്പിനിലെ പ്രദേശവാസികളുടെ അപേക്ഷ
3. ലാന്റ് റവന്യൂ കമ്മീഷണറുടെ 5.2.19 ലെ എൽ.ആർ.ജെ 7/59920/17 നമ്പർ കത്ത്

1964 ലെ ഭൂമി പതിവ് ചട്ടങ്ങളിലെ 8-ാം ചട്ടത്തിൽ സൂചന (1) പ്രകാരം വരുത്തിയ ഭേദഗതി അനുസരിച്ച് കൈവശ ഭൂമിയ്ക്ക് പട്ടയം അനുവദിക്കുമ്പോൾ പ്രസ്തുത ഭൂമി ബാങ്കുകളിലും വിവിധ ധനകാര്യ സ്ഥാപനങ്ങളിലും ഈടുവച്ച് എല്ലാതരം വായ്പകളും എടുക്കുന്നതിനുതകുന്നതരത്തിൽ വ്യവസ്ഥ ഉൾപ്പെടുത്തിയിട്ടുള്ളതുമാണ്. ആയതിനാൽ കൈവശത്തിലുള്ള ഭൂമി പതിച്ചു നല്കുന്ന സംഗതിയിൽ വിവിധ ധനകാര്യ സ്ഥാപനങ്ങൾ ഉൾപ്പെടെയുള്ള ഏത് സ്ഥാപനങ്ങളിലും ബാങ്കുകളിലും ഏത് തരം വായ്പ എടുക്കുന്നതിനും പ്രസ്തുത ഭൂമി ഈട് വയ്ക്കുന്നതിന് തടസ്സമില്ലാത്തതാണ്. പ്രസ്തുത ഭൂമി എപ്പോൾ വേണമെങ്കിലും കൈമാറ്റം ചെയ്യാനും കഴിയുന്നതാണ്. അതുപോലെ കൈവശമില്ലാത്ത ഭൂമി പതിച്ചു ലഭിക്കുന്ന സംഗതിയിൽ അപ്രകാരം ലഭിക്കുന്ന ഭൂമി 12 വർഷ കാലാവധി കഴിഞ്ഞാൽ കൈമാറ്റം ചെയ്യാവുന്നതാണെന്നും പ്രസ്തുത ഭൂമി സർക്കാർ ബാങ്കുകളിലും വിവിധ ധനകാര്യ സ്ഥാപനങ്ങളിലും ഭവന നിർമ്മാണത്തിനായും കൃഷിക്കും ലാൻറ് ഇംപ്രൂവ്മെൻറ് ആവശ്യങ്ങൾക്കും ലോൺ എടുക്കുന്നതിനായി ഈട് വയ്ക്കാവുന്നതാണെന്നും ഉള്ള വ്യവസ്ഥ ഉൾപ്പെടുത്തുകയും ചെയ്തിട്ടുള്ളതാണ്. ആയതിനാൽ മേൽ ഭേദഗതി പ്രകാരം പട്ടയ ഭൂമി ഈട് വച്ച് വായ്പകൾ അനുവദിക്കുന്നതിനുള്ള നടപടി ധനകാര്യ സ്ഥാപനങ്ങൾക്ക് സ്വീകരിക്കാവുന്നതാണ്.

ടെസ്സി.പി.ജോസ്
അഡീഷണൽ സെക്രട്ടറി

ലാന്റ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം

എല്ലാ ജില്ലാ കളക്ടർമാർക്കും

റവന്യൂ (എ/എൽ/യു) വകുപ്പുകൾക്ക്

കൃഷി വകുപ്പ് (റബ്ബർ ബോർഡ്, ടീ ബോർഡ്)

സംസ്ഥാനതല ബാങ്കേഴ്സ് കമ്മിറ്റി, തിരുവനന്തപുരം

അനുബന്ധം

| ക്രമ നം. | ജില്ല | ലഭിച്ച അപേക്ഷകളുടെ എണ്ണം |
|---|---|---|
| 1 | തിരുവനന്തപുരം | 2240 |
| 2 | കൊല്ലം | 3826 |
| 3 | പത്തനംതിട്ട | 2543 |
| 4 | കോട്ടയം | 0 |
| 5 | ഇടുക്കി | 16363 |
| 6 | എറണാകുളം | 2758 |
| 7 | തൃശ്ശൂർ | 5270 |
| 8 | പാലക്കാട് | 2386 |
| 9 | മലപ്പുറം | 529 |
| 10 | കോഴിക്കോട് | 96 |
| 11 | വയനാട് | 1184 |
| 12 | കണ്ണൂർ | 105 |
| 13 | കാസർഗോഡ് | 11 |
| | **ആകെ** | **37311** |

കോട്ടയം ജില്ലയിലെ കാഞ്ഞിരപ്പള്ളി താലൂക്കിൽ എരുമേലി വടക്ക്, എരുമേലി തെക്ക്, കോരുത്തോട് എന്നീ വില്ലേജുകളിൽ 7095 അപേക്ഷകൾ ലഭ്യമായിട്ടുള്ളതും പ്രസ്തുത കേസുകളിൽ 04.11.2023 ലെ G.O.(Rt) No.3966/2023/RD നമ്പർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ, 1964-ലെ ഭൂമി പതിവ് ചട്ടങ്ങൾ പ്രകാരം പട്ടയം നൽകാൻ സാധിക്കുമോ എന്നത് പരിശോധിച്ചു വരുകയാണ്. പ്രസ്തുത അപേക്ഷകൾ പരിശോധിച്ച് പട്ടയം അനുവദിക്കുന്നതിനായി 17 തസ്തികകൾ പുതുതായി സൃഷ്ടിച്ചുകൊണ്ട് ഒരു പ്രത്യേക ഓഫീസ് 15.03.2024 തീയതിയിലെ സ.ഉ.(കൈ) 67/2024/ആർ.ഡി. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം രൂപീകരിച്ചിട്ടുള്ളതും പ്രവർത്തനം ആരംഭിച്ചിട്ടുള്ളതുമാണ്.